**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **14-03-2022 - ൽ മറുപടിയ്ക്ക്**

**കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവേ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം മാമ്പ്രകന്നേൽ റയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി RBDCKയെ SPV ആയി നിയമിച്ചിട്ടുണ്ട്. 09/11/2018 ലെ കിഫ്ബി ഉത്തരവു പ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ 13/05/2019-ലെ സ.ഉ.(സാധാ)നം.1112/2019/RD പ്രകാരം കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേനമ്പറുകളിലായി 1.0840 Hect ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട് . 24/12//2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടർക്ക് അർത്ഥനപത്രം സമർപ്പിച്ചിരുന്നതും ആയതിൽ കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്ന് പൊന്നും വില നടപടികൾ തുടർന്ന് വരുന്നതുമാണ്. 4(1) നോട്ടിഫിക്കേഷൻ 27/12/2019 ൽ പുറപ്പെടുവിച്ചിരുന്നതും സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച് expert committee report ലഭ്യമായിട്ടുണ്ട്. 23/01/2021 ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടു ഉള്ളതുമാണ്. പുനരധിവാസ പാക്കേജുകൾ ലാന്റ് റവന്യൂകമ്മീഷണറുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ കോസ്റ്റ് ഇനത്തിൽ 10,83,06,905/- രൂപയുടെ ഫണ്ട് റിക്വസ്റ്റ് RBDCK KIIFB പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ഫണ്ട് ലഭിച്ചതിനുശേഷം 19(1) പ്രഖ്യാപനവും തുടർനടപടികളും സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിൽ നിന്നും സ്വീകരിച്ച് ഭൂമി ഏറ്റെടുത്ത് കൈമാറി ലഭിക്കേണ്ടതുണ്ട് . റെയിൽവേയിൽ നിന്നും ഫൈനൽ GAD ലഭ്യമാക്കി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ